പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019-ൽ ഒരു Permanent Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

195(501) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ആർ.ഡി.പി.-യിൽ സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ആയതിന്റെ സ്കെച്ചറൽ ഡിസൈനിനുള്ള ഇൻഡന്റും സ്കീം റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് ഐ.ഡി.ആർ.ബി.-യിലേയ്ക്ക് നൽകി സ്കെച്ചറൽ ഡിസൈൻ ലഭ്യമാക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് എടുക്കുന്നതിനും മറ്റുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

196(502) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

31-12-2018-ലെ സ.ഉ.(സാധാ)നമ്പർ 943/2018/ജ.വി.വ. ഉത്തരവ് പ്രകാരം കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം KIIDC ആണ് നിർവ്വഹിക്കുന്നത്. കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഐ.ഡി.ആർ.ബി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും കിഫ്ബിയുടെ മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയുള്ള അപ്രോച്ച് റോഡും അനുബന്ധമായ സൗകര്യങ്ങളും പ്രസ്തുത പദ്ധതിക്ക് ആവശ്യമാണ്. ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ട് ആയതിനാൽ റെഗുലേറ്റർ കം ബ്രിഡ്ജിനു പകരം റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന് ഭേദഗതി വരുത്തുന്നതിന് പട്ടാമ്പി എം.എൽ.എ, കിഫ്ബി അധികൃതർ, കെ.ഐ.ഐ.ഡി.സി. ഉദ്യോഗസ്ഥർ, ഇറിഗേഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത 3-2-2020-ലെ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിസൈൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ൽ നിന്നും 30-10-2020-ന് കെ.ഐ.ഐ.ഡി.സി-യ്ക്ക് ലഭ്യമായി. അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ, കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 110 മീറ്റർ നീളമുള്ള റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്, 12x3 വലുപ്പം ഉള്ള 8 ഷട്ടറുകൾ എന്നിവയാണ് പദ്ധതിയിൽ ഉള്ളത്. കിഫ്ബിയുടെ അപ്രൈസൽ ഡിവിഷനായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) ആണ് ഡി.പി.ആർ. സൂക്ഷ്മ പരിശോധന നടത്തുന്നത്. സി.എം.ഡി.യിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ഭാവിയിലെ ആവശ്യങ്ങൾക്കായി 5 മീറ്റർ റോഡ്കൂടി ആവശ്യമാകയാൽ അതിനായി ഏകദേശം 46.75 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്

197(503) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന പ്രവൃത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ.-ന് 30-10-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി